"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വിശാലകൊച്ചി വികസന അതോറിറ്റിയുടെ കലൂർ ജവഹർലാൽ അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ ബി 3101 മുതൽ 3104 വരെ നമ്പർ കടമുറികൾക്ക് ഐ.എച്ച്.ആർ.ഡി. പിഴപലിശ ഇനത്തിൽ അടവാക്കാനുള്ള തുക ഇളവ് ചെയ്യുന്നതിനുള്ള അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1007/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/05/2021

---

പരാമർശം:- 1) 25.05.2020 തീയതിയിലെ സ. ഉ (സാധാ) നം. 968/2020/തസ്വഭവ

2) ഐ.എച്ച്. ആർ. ഡി ഡയറക്ടറുടെ 27.01.2021-ലെ സി. എൻ/11409/2015/എച്ച്. ആർ. ഡി നമ്പർ കത്ത്.

3) വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 18.03.2021-ലെ സി 17/6092/ബി 3101,3104/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

ഐ.എച്ച്.ആർ.ഡി-യുടെ കീഴിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനത്തിനായി വാടകയ്ക്ക് എടുത്തിട്ടുള്ള വിശാല കൊച്ചി വികസന അതോറിറ്റിയുടെ (ജിസിഡിഎ) കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ 3101-3104 നമ്പർ കടമുറികളുടെ 01.09.2019 മുതലുള്ള വാടക കുടിശ്ശികയുടെ പിഴപലിശ ഒഴിവാക്കി നൽകണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ടി കടമുറികളുടെ 31.08.2019 വരെയുള്ള വാടക കുടിശ്ശികയിൽ നിന്നും പിഴ പലിശ ഒഴിവാക്കി ഉത്തരവായിരുന്നു.

2) കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ ബി 3101-3104 നമ്പർ കടമുറികൾ 01.03.2010 മുതൽ 10 വർഷത്തേയ്ക്ക് ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ച നൽകിയിട്ടുള്ളതാണെന്നും നിലവിൽ ഐ.എച്ച്. ആർ.ഡി. 2021 മാർച്ച് വരെയുള്ള വാടക കുടിശ്ശിക അടച്ച തീർത്തിട്ടുണ്ടെന്നും 10.03.2021 വരെയുള്ള പിഴപലിശ 85,808/-രൂപ യാണെന്നും ഒരു സർക്കാർ വിദ്യാഭ്യാസ സ്ഥാപനമെന്ന പരിഗണനയിൽ ഐ.എച്ച്. ആർ.ഡി.-ക്ക് പിഴപലിശ ഒഴിവാക്കുന്നതിൽ വിശാല കൊച്ചി വികസന അതോറിറ്റിക്ക് വിരോധമില്ല എന്നും പരാമർശം (3)-ലെ കത്ത് പ്രകാരം ജിസിഡിഎ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ. എച്ച്. ആർ. ഡി ക്ക് കീഴിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ പ്രവർത്തനത്തിനായി വാടകയ്ക്ക് എടുത്തിട്ടുള്ള വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ ബി 3101-3104 നമ്പർ കടമുറികൾക്ക് ഐ. എച്ച്. ആർ. ഡി പിഴപലിശ ഇനത്തിൽ അടവാക്കാനുള്ള 85,808/-

രൂപ (എൺപത്തയ്യായിരത്തി എണ്ണൂറ്റി എട്ടു രൂപ മാത്രം) അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിനു വിധേയമായി ഇളവ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എം**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.
ഡയറക്ടർ, ഐ. എച്ച്. ആർ. ഡി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ